തീർക്കുവാൻ വ്യവസ്ഥ ചെയ്യുന്ന തരത്തിൽ ഒരു ബിൽ അവതരിപ്പിച്ചാൽ അത് നെപ്പറ്റി ആലോചിക്കാമെന്നു ഞാൻ പറയുകയുണ്ടായി. അതുപോരാ, നൂറു രൂപ കൊടുക്കാനുണ്ടെങ്കിൽ മുപ്പതോ, നാൽപ്പതോ രൂപയാക്കി കുറവു ചെയ്യണമെന്നു വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ പാസ്സാക്കണമെന്നാണ് ആവശ്യപ്പെട്ടതു്. അതിനെ അനുകൂലിക്കാൻ ഗവണ്മെന്റിനു സാദ്ധ്യമല്ല. പൊതുജനാഭിപ്രായം ഏതെല്ലാം ബില്ലുകളാണു് ഉപയോഗപ്രദമാകുന്നതു് എന്നു ഗവണ്മെൻറ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെയുള്ള അന്വേഷണത്തിന്റെ ഫലമായി ഇതുപോലെയുള്ള ഒരു ബിൽ അവതരിപ്പിക്കേണ്ടതാണെന്നു ഗവണ്മെൻറിനു തോന്നിയാൽ, ഗവണ്മെൻറുഭാഗത്തുനിന്നുതന്നെ ഒരു ബിൽ അവതരിപ്പിക്കാമെന്നും പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ നിഷേധിക്കുന്നു. ഇതിന്റെ സെലക്ഷൻകമ്മിറ്റിയോഗം വിളിച്ചുകൂട്ടുന്നതിനും അതിന്റെ ചെയർമാനായിരിക്കുന്നതിനും മറ്റാരേയെങ്കിലും നിയമിക്കണമെന്നുണ്ടെങ്കിൽ അതിനെനിക്കു ഒരു വിരോധവുമില്ല. എന്നായാലും ഈ സെലക്ഷൻകമ്മിറ്റി റിപ്പോർട്ടിന്റെ കാലാവധി 1956 മാർച്ചു് 31-ാംതീയതിവരെ നീട്ടിത്തരണമെന്നു ഞാനാവശ്യപ്പെടുന്നു.

ശ്രീ. ടി. വി. തോമസ്: സർ, സെലക്ഷൻകമ്മിറ്റിയുടെ ചെയർമാൻ സ്വമനസ്സാ അദ്ദേഹം രാജിവയ്ക്കാമെന്നു പറയുകയാണു്.

മി. സ്പീക്കർ: അക്കാര്യം രാജിവയ്ക്കുമ്പോൾ ആലോചിക്കാം.

The question that the time for the making of the Report of the Select Committee on the Travancore-Cochin Debt Relief Bill be extended up to the 31st March 1956 was put and carried.

## The Travancore-Cochin Malayala Brahmin Bill Motion for Extension of Time for Select Committee Report.

*Home Minister* (SHRI A. J. JOHN): I move that the time for the making of the Report of the Select Committee on the Travancore-Cochin Malayala Brahmin Bill be extended up to the 31st March 1956.

*Minister for Health* (SHRI A. A. RAHIM): I second the motion.

ശ്രീ. ടി. വി. തോമസ്: സർ, ഈ ബില്ലിലെ വ്യവസ്ഥകൾ ഭേദഗതിയ്ക്കു യാതൊരു ദോഷവും ചെയ്യുന്നവയല്ല. ഈ ബിൽ നിയമമാക്കുന്നപക്ഷം ഈ രാജ്യത്തു ഒരു വിഭാഗം ജനങ്ങൾക്കു ഇതുവരെയുണ്ടായിരുന്ന ഒരു ദുഃഖത്തിനു പരിഹാരമുണ്ടാകുമെന്നുള്ളതൊഴിച്ചു മറ്റൊരു തരത്തിലും ഇതുകൊണ്ടു വരാനില്ല.

ശ്രീ. എ. ജെ. ജോൺ: സെലക്ഷൻകമ്മിറ്റി മൂന്നു മണിക്കാണു കൂടുവാൻ നിശ്ചയിച്ചിരുന്നതു്. മൂന്നര മണിവരെ ഞാനും വേറെ രണ്ടു മെമ്പറന്മാരും ഹാജരുണ്ടായിരുന്നു. ശ്രീ. ദാമോദരൻപോറ്റിയും നാരായണൻപോറ്റിയുമാണു ഹാജരുണ്ടായിരുന്ന അംഗങ്ങൾ. ഇതിനും പുറമെ, ഹിന്ദു ലാ കമ്മിറ്റിയുടെ ചെയർമാൻ പാർലമെൻറിൽ നടക്കുകയാണു്. അതു അവിടെ പാസ്സായാൽ ഇങ്ങനെയൊരു ബിൽ ഇവിടെ പാസ്സാക്കേണ്ടയാവശ്യംതന്നെ, ഒരുപക്ഷേ വേണ്ടിവരുന്നതല്ല. അതുകൊണ്ടായിരിക്കുമോ എന്തോ മറ്റു മെമ്പറന്മാർ വരാതിരുന്നതെന്നും അറിഞ്ഞില്ല.



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

[*Mr. Deputy Speaker in the Chair.*]

The question that the time for making the Report of the Select Committee on the Travancore-Cochin Malayala Brahmin Bill be extended up to the 31st March 1956 was put and carried.

**The Travancore-Cochin Fixation of Paddy Prices Bill.**

SHRI THALEKKARA K. KRISHNAN: I move that the Report of the Select Committee on the Travancore-Cochin Fixation of Paddy Prices Bill to the effect that the Bill be dropped be adopted.

The question that the Report be adopted was put and carried.

**The Travancore-Cochin Completion of Nationalisation of Transport Bill.**

SHRI D. VIVEKANANDAN: I move that the Travancore-Cochin Completion of Nationalisation of Transport Bill be referred to a Select Committee consisting of the following members:—

'Shri K. C. George
" N. Raghava Kurup
" C. A. Mathew
" P. Viswambharan
" Prakkulam Bhasi
" T. S. Ramaswami
" A. Kunjan Nadar,
the Minister for Works' and the Mover.

സർ, ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടുന്ന അനുബന്ധജ്യോതികബില്ലുകളുടെ ഗതി എന്താണെന്നു നമുക്കു അല്പം മുമ്പു മനസ്സിലായി. നിവൃത്തിയുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാതിരിക്കുക, സെലക്ട്കമ്മിറ്റിക്കയച്ചിട്ടുള്ള ബില്ലുകളെ സംബന്ധിച്ചുപോലും ആവശ്യമായ നടപടികൾ നടത്താതിരിക്കുക, എന്ന നയമാണ് ഗവണ്മെൻറ് വിശേഷിച്ചും ഇന്നത്തെ അഭ്യന്തരകാര്യമന്ത്രി, എടുത്തുവരുന്നതു്. എതായാലും ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ആ നയം അനുവർത്തിക്കപ്പെടുകയില്ലെന്നു വിശ്വസിക്കുന്നു. കഴിഞ്ഞ ദിവസം ശ്രീ. പ്രാക്കുളം ഭാസിയുടെ ചോദ്യത്തിനുത്തരമായി ട്രാൻസ്പോർട്ട് ദേശസാൽക്കരണംപോലെ കാര്യങ്ങളിൽ ഒരു അനുബന്ധജ്യോതികബിൽ വഴിയല്ല നിയമനിർമ്മാണം നടക്കേണ്ടതെന്നു മുഖ്യമന്ത്രി പറഞ്ഞു. ട്രാൻസ്പോർട്ട് ദേശസാൽക്കരണം സംബന്ധിച്ചു് മാത്രമല്ല, അതുപോലെ പ്രാധാന്യമുള്ള മറ്റെല്ലാ കാര്യങ്ങളെ സംബന്ധിച്ചും അനുബന്ധജ്യോതികമായ വഴിയിൽ കൂടിയല്ല, നിയമനിർമ്മാണം നടത്തേണ്ടതു എന്ന മുഖ്യമന്ത്രിയുടെ അഭിപ്രായത്തോടു് ഞാൻ പൂർണ്ണമനസ്കമായും

LIBRARY ARCHIVES Kerala Legislative Assembly